**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2875** **18-08-2017 ൽ മറുപടിക്ക്**

**ടിവാൻഡ്രം ടെന്നീസ് ക്ലബ്ബ്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ടിവാൻഡ്രം ടെന്നീസ് ക്ലബ് പാട്ടകടിശ്ശിക അടച്ചുതീർക്കാത്തത് കാരണം സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ഏക്കർ ഭൂമിയാണ് ഇപ്പോൾ ക്ലബ്ബിന്റെ കൈവശമുള്ളത്;<br><br>(സി) എത്ര രൂപയാണ് പാട്ടകടിശ്ശികയായി ഇപ്പോൾ സർക്കാരിലേക്ക് അടയ്ക്കാനുള്ളത്; ഇത് അടച്ചുതീർക്കുന്നതിന് സർക്കാർ സമയം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) (ബി) & (സി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജിൽ തിരുവനന്തപുരം ടെന്നീസ് ക്ലബിന്റെ കൈവശമുള്ളതുമായ 4 ഏക്കർ, 27 സെന്റ് ഭൂമിക്ക്, പാട്ടം പുതുക്കി നൽകുന്നതിന് അനുമതി നൽകിയ 03/03/2016 ലെ സ.ഉ (എം.എസ്) നം.229/2016/ റവന്യൂ റദ്ദ് ചെയ്ത്, സ്ഥാപനത്തിൽ നിന്നും പാട്ടക്കടിശ്ശിക പിരിച്ചെടുക്കാനും പിരിച്ചെടുക്കാൻ കഴിയാതെ വരികയാണെങ്കിൽ ഭൂമി തിരിച്ചെടുക്കാനും അനുമതി നൽകിയിരുന്ന സ.ഉ.(എം.എസ്) നം.380/ 2012/ റവന്യൂ. തീയതി 09/10/2012 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. തിരുവനന്തപുരം താലൂക്കിലെ ശാസ്തമംഗലം വില്ലേജിൽ 4 ഏക്കർ 27 സെന്റ് ഭൂമിയാണ് ടി സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിട്ടുള്ളത്. 03/03/2016 വരെ ടി സ്ഥാപനത്തിന് 11,09,10,955/- രൂപ (പതിനൊന്ന് കോടി ഒൻപത് ലക്ഷത്തി പതിനായിരത്തി തൊള്ളായിരത്തി അൻപത്തിയഞ്ച് രൂപ മാത്രം) പാട്ട കുടിശ്ശിക ഉണ്ടായിരുന്നു. 03/03/2016 ലെ ജി.ഒ (എം.എസ്) 229/2016/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാട്ടകടിശ്ശികയുടെ 0.2% ആയ 2,21,822/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) ടി സ്ഥാപനം 31/05/2016 ന് ഒടുക്കു വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ